# പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 518

10.03.2015-ലെ മറുപടിയ്ക്ക്

## നികുതിയിളവ്

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.മാത്യു റ്റി.തോമസ്**<br>**ശ്രീമതി.ജമീല പ്രകാശം**<br>**ശ്രീ.ജോസ് തെറ്റയിൽ**<br>**ശ്രീ.സി.കെ.നാണു** | **ശ്രീ. കെ.എം. മാണി**<br>(ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി) |

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം നികുതിയിളവ് നൽകിയതു വഴി സംസ്ഥാന ഖജനാവിനു എത്ര രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ;

(എ) ബഡ്ജറ്റ് വഴി വാണിജ്യ നികുതി ഇനത്തിൽ നൽകിയ നികുതി ഇളവുകൾ താഴെ പറയും പ്രകാരമാണ്.

| | |
|---|---|
| 2011-12 | 25 ലക്ഷം |
| 2012-13 | 321.4 കോടി |
| 2013-14 | 67.78 കോടി |
| 2014-15 | 125.55 കോടി |

മറ്റ് വകുപ്പുകളിൽ നിന്നുള്ള വിവരങ്ങൾ ശേഖരിച്ച് നൽകുന്നതാണ്.

(ബി) എങ്കിൽ ഏതെല്ലാം ഇനങ്ങൾക്കാണ് നികുതിയിളവുകൾ നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ബഡ്ജറ്റ് പ്രഖ്യാപനങ്ങളുടെ അടിസ്ഥാനത്തിൽ കേരള ധനകാര്യ നിയമം മുഖേന വാറ്റ്, കെ.ജി.എസ്.റ്റി, ലക്ഷ്വറി ടാക്സ്, സ്റ്റാമ്പ് ആക്ട്, കോർട്ട് ഫീ ആക്ട്, കാർഷികാദായ നികുതി നിയമങ്ങളിൽ നൽകിയിട്ടുള്ള പ്രധാന ഇളവുകൾ അനുബന്ധം എ ആയി ചേർക്കുന്നു.

(സി) പ്രസ്തുത ഇളവുകൾ മൂലം ഉപഭോക്താക്കൾക്ക് ഏതെങ്കിലും രീതിയിലുള്ള ഗുണം ലഭിച്ചിട്ടുണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ;

(സി) 2011-12-ൽ കേന്ദ്ര സർക്കാർ വളത്തിന്റെ സബ്സിഡി എടുത്തു കളഞ്ഞപ്പോൾ സംസ്ഥാന സർക്കാർ വളത്തിന്മേലുള്ള നികുതി വേണ്ടെന്നു വച്ചു. എന്നാൽ വളത്തിന്റെ വില സബ്സിഡി എടുത്തുകളഞ്ഞതുമൂലം മൂന്നിരട്ടിയായി വർദ്ധിക്കുകയാണുണ്ടായത്. ഇതുമൂലം കാർഷിക വിളകളുടെ വില

ഇരട്ടിയോളം വർദ്ധിക്കുകയാണുണ്ടായത്. ഇതിന് ഉപഭോക്താക്കൾക്ക് ഇളവ് നൽകുന്നതിലേയ്ക്കായി അരിയുടെ നികുതി വേണ്ടെന്ന് വയ്ക്കുകയും മറ്റ് ഭക്ഷ്യ ഉൽപ്പന്നങ്ങളുടെ നികുതി 4 ശതമാനത്തിൽ നിന്ന് ഒരു ശതമാനമായി കുറയ്ക്കുകയും ചെയ്തു. ഈ നികുതി ഇളവിന്റെ പ്രയോജനം ഉപഭോക്താക്കൾക്ക് ലഭിച്ചിട്ടുണ്ട്.

| | | | |
|---|---|---|---|
| (ഡി) | അരിയുടെ നികുതി ഒഴിവാക്കിയതു മൂലം ഖജനാവിലേക്കു എത്ര രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (ഡി) | 01.04.2013 മുതലാണ് അരിയെ നികുതി വിമുക്തമാക്കിയിട്ടുള്ളത്. ഇതു മൂലം 50 കോടിയോളം രൂപയുടെ വരുമാന നഷ്ടമാണ് പ്രതീക്ഷിച്ചിരുന്നത്. |
| (ഇ) | ഇതിന്റെ ഗുണഫലം ഉപഭോക്താക്കൾക്ക് ലഭ്യമാകാത്തത് പരിശോധിച്ചിട്ടുണ്ടോ; | (ഇ) | വളം സബ്സിഡി കേന്ദ്രസർക്കാർ നിർത്തലാക്കിയതോടുകൂടി വളത്തിന്റെ വില ക്രമാതീതമായി ഉയരുകയും ഇതുമൂലം നെല്ലുൽപ്പാദനചെലവ് ക്രമാതീതമായി വർദ്ധിക്കുകയാണുണ്ടായത്. കൂടാതെ സംസ്ഥാനത്ത് ഉൽപ്പാദിപ്പിക്കുന്ന നെല്ല് കിലോയ്ക്ക് 19 രൂപ നിരക്കിൽ സംസ്ഥാന സർക്കാർ സംഭരിക്കുകയും അത് കുത്തി അരിയാക്കി ട്രാൻസ്പോർട്ടിംഗ് ചർജ്ജും മറ്റ് ചെലവുകളും ഉൾപ്പെടുമ്പോൾ മാർക്കറ്റിൽ അരിയുടെ വില 45 രൂപ വരെ വരുന്നു. അതുകൊണ്ട് അരി ബി.പി.എൽ-കാർക്ക് കിലോയ്ക്ക് ഒരു രൂപ നിരക്കിലും മറ്റുള്ളവർക്ക് 9 രൂപയ്ക്കുമാണ് സർക്കാർ റേഷൻ കടകൾ വഴി വിതരണം ചെയ്യുന്നത്. ഇതിൽ ഉണ്ടാകുന്ന നഷ്ടം സർക്കാർ വഹിക്കുകയാണ്. അതിനാൽ അരിയുടെ നികുതി കുറച്ചതുകൊണ്ടുള്ള പ്രയോജനം ഉപഭോക്താക്കൾക്ക് ലഭിക്കുന്നുണ്ട്. |

| | |
|---|---|
| (എഫ്) സ്വർണ്ണത്തിന്റെ കോമ്പൗണ്ടിങ്ങ് നികുതി എത്ര ശതമാനമാക്കിയാണ് കുറച്ചിട്ടുള്ളത്; ഇതിന് മുൻകാല പ്രാബല്യം നൽകി ഉത്തരവിറക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ? | കോമ്പൗണ്ടിംഗ് നികുതിയിൽ നിന്നുള്ള വരുമാനത്തിന്റെ 95 ശതമാനത്തോളം അടയ്ക്കുന്നത് ഒരു കോടി രൂപയ്ക്ക് മുകളിൽ വിറ്റു വരവ് ഉള്ളവരാണ്. അവർ അടയ്ക്കേണ്ടിയിരുന്നത് മുൻ വർഷം അടച്ച നികുതിയുടെ 125% ആയിരുന്നു. 2014-15 ലെ ബഡ്ജറ്റിൽ സ്വർണ്ണ വ്യാപരികളെ തുടർച്ചയായി 3 വർഷം 5 വർഷം എന്നീ കാലയളവുകൾക്ക് മുകളിൽ കോമ്പൗണ്ടിംഗ് വ്യവസ്ഥയിൽ തുടരുന്നവർ എന്ന തരം തിരിച്ച് അവർക്ക് താഴെ സൂചിപ്പിച്ചിരിക്കുന്ന പ്രകാരം കുറഞ്ഞ നിരക്കുകൾ അടച്ചാൽ മതിയാകുമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. |

| കഴിഞ്ഞ വർഷത്തെ മൊത്ത വിറ്റ് വരവ് | അഞ്ച് കൊല്ലത്തിൽ കൂടുതൽ തുടർച്ചയായി കോമ്പൗണ്ടിംഗ് നികുതി അടയ്ക്കുന്നവർ | മൂന്ന് കൊല്ലത്തിൽ കൂടുതൽ തുടർച്ചയായി കോമ്പൗണ്ടിംഗ് നികുതി അടയ്ക്കുന്നവർ | മൂന്നോ അതിൽ താഴെയോ വർഷം കോമ്പൗണ്ടിംഗ് നികുതി അടയ്ക്കുന്നവർ |
|---|---|---|---|
| 10 ലക്ഷത്തിന് മുകളിൽ 40 ലക്ഷം വരെ | കഴിഞ്ഞ വർഷം അടച്ച നികുതിയുടെ 103 ശതമാനം | കഴിഞ്ഞ വർഷം അടച്ച നികുതിയുടെ 104 ശതമാനം | കഴിഞ്ഞ വർഷം അടച്ച നികുതിയുടെ 105 ശതമാനം |
| 40 ലക്ഷത്തിന് മുകളിൽ ഒരു കോടി വരെ | കഴിഞ്ഞ വർഷം അടച്ച നികുതിയുടെ 109 ശതമാനം | കഴിഞ്ഞ വർഷം അടച്ച നികുതിയുടെ 112 ശതമാനം | കഴിഞ്ഞ വർഷം അടച്ച നികുതിയുടെ 115 ശതമാനം |
| ഒരു കോടിയ്ക്കു മുകളിൽ | കഴിഞ്ഞ വർഷം അടച്ച നികുതിയുടെ 115 ശതമാനം | കഴിഞ്ഞ വർഷം അടച്ച നികുതിയുടെ 120 ശതമാനം | കഴിഞ്ഞ വർഷം അടച്ച നികുതിയുടെ 125 ശതമാനം |

ഈ ഭേദഗതിയ്ക്ക് 01.04.2013 മുതൽ മുൻകാല പ്രാബല്യം നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

അനുബന്ധം 4.

## 2011-12-ൽ നൽകിയ നികുതി ഇളവുകൾ

**സെൻട്രൽ പോലീസ് ക്യാന്റീൻ മുഖേന വിൽക്കുകയും വാങ്ങുകയും ചെയ്യുന്ന സാധനങ്ങൾക്ക് അവയ്ക്ക് ബാധകമാകുന്ന നികുതി നിരക്കിന്റെ പകുതി നിരക്ക് എന്ന ആനുകൂല്യം നൽകി.**

ആഡംബര നികുതിയിനത്തിൽ കീഴിൽ കാമ്പൗണ്ടിംഗ് നികുതി അടയ്ക്കുന്ന ഹൗസ് ബോട്ടുകൾക്ക് അവർ ഹൗസ് ബോട്ടിൽ വിതരണം ചെയ്യുന്ന ഭക്ഷ്യസാധനങ്ങളെ നികുതിവിമുക്തമാക്കി.

**വളങ്ങൾ, ജൈവ വളങ്ങൾ, ജൈവകീടനാശിനികൾ, നൈലോൺ, പോളിസ്റ്റർ റോപ്പുകൾ , ചെങ്കല്ലുകൾ, പാൽ കറക്കുന്ന യന്ത്രങ്ങൾ തെങ്ങ് കയറ്റ യന്ത്രങ്ങൾ, ബോൺമീൽ, ഓർഗാനിക്ക് മീൽ , ലെതർ മീൽ, ആരാധാനാലയങ്ങളുടെ കാമ്പൗണ്ടിംഗിൽ ആരാധനാലയങ്ങളിൽ ഭക്ത ജനങ്ങൾക്കു വിൽക്കുന്ന സാധനങ്ങൾ എന്നിവയെ നികുതി വിമുക്തമാക്കി.**

**മാനുഫാക്ടേർഡ് സാന്റ്, മണ്ണ്, ജിപ്സം എന്നിവയുടെ നിരക്ക് 5 ശതമാനമായി കുറച്ചു. കുടുംബാംഗങ്ങൾ തമ്മിൽ നടത്തുന്ന ഭാഗപത്രം, ധനനിശ്ചയം,ദാനാധാരം, ഒഴികുറി എന്നീ കരണങ്ങളുടെ പരമാവധി സ്റ്റാമ്പ് ഡ്യൂട്ടി 1000 രൂപയായി കുറച്ചു.**

## 2012-13 ബജറ്റിലുടെ നൽകിയ നികുതി ഇളവുകൾ

- കാലിത്തീറ്റയ്ക്കായി ഉപയോഗിക്കുന്ന പുളിങ്കുരുവിനെ നികുതി വിമുക്തമാക്കി.
- കേരളത്തിനകത്ത് ഉല്പാദിപ്പിക്കുന്ന ഏത്തക്കാ വറ്റൽ, മരച്ചിനി വറ്റൽ, ചക്ക വറ്റൽ ചുക്ക് കാപ്പിപൊടി ഇതിന്റെ നികുതി 5 ശതമാനമായി കുറവു ചെയ്തു.
- തേൻ, തേനീച്ചപ്പെട്ടി എന്നിവയെ നികുതി വിമുക്തമാക്കി.
- ഉയർന്നുനിൽക്കുന്ന ചികിത്സ ചെലവ് കുറക്കുന്നതിനായി ഇൻട്ര ഓക്കുലർ ലെൻസ്, ഹാർഡ് വാൽവ്, കാർഡിയാക് സെന്റ് എന്നിവയെ നികുതി വിമുക്തമാക്കി.
- ഡ്രഗ് ലൈസൻസ് അടിസ്ഥാനത്തിൽ ഉല്പാദിപ്പിക്കുന്ന ആയുർവേദ ഉല്പന്നങ്ങളുടെ നികുതി 5 ശതമാനമാക്കി.
- പാക് ചെയ്ത കരിക്കിന് വെള്ളത്തിന്റെ നികുതി 5 ശമാനമായി കുറച്ചു.

- ഇ-റ്റോയിലെറ്റിന്റെ നികുതി 5 ശതമാനമായി കുറച്ചു.
- വാറ്റ് നികുതിയുടെമേൽ ചുമത്തിയിരുന്ന 1 % സാമൂഹ്യ സുരക്ഷാസെസ് ഒഴിവാക്കി.
- **സെൻട്രൽ പോലീസ് ക്യാന്റീനോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള കേരള പോലീസിന്റെ സബ്സിഡറി ക്യാന്റീനുകൾ മുഖേന വിൽക്കുകയും വാങ്ങുകയും ചെയ്യുന്ന സാധനങ്ങൾക്ക് ബാധകമാകുന്ന നികുതി ,നിരക്കിന്റെ പകുതി നികുതി നിരക്ക് ആക്കി.**

ഉഴുന്ന്, വൻപയർ, ചെറുപയർ, മറ്റ് പയർവർഗ്ഗങ്ങൾ, കടല, മുളക്, മല്ലി, ഭക്ഷ്യ എണ്ണ, ധാന്യപൊടികൾ, മൈദ, സൂചി തുടങ്ങിയവയുടെ നികുതി നിരക്ക് 4 ശതമാനത്തിൽ നിന്നും ഒരു ശതമാനമാക്കി കുറച്ചു.

തുണി ബാഗുകളെ നികുതിയിൽ നിന്നും ഒഴിവാക്കി.

## 2013-14 ബജറ്റിലെ ഇളവുകൾ

- കോർട്ട് ഫീസിൽ ചില ഇളവുകൾ വരുത്തി.
- വില ആധാരങ്ങളുടെ സ്റ്റാമ്പ് ഡ്യൂട്ടി നിലവിലുള്ളതിന്റെ 2 ശതമാനമായി കുറവു ചെയ്തു.
- ഹൗസിംഗ് ബോർഡിന്റെ ഭൂമി ഇടുപാടുകൾക്കും ഫ്ളാറ്റ് കച്ചവടങ്ങൾക്കും മുദ്രവിലയുടെ 50 ശതമാനം ഇളവ് അനുവദിച്ചു.
- അരി, പൊടിഅരി, അവൽ, മലർ, പൊരി എന്നിവ നികുതി വിമുക്തമാക്കി.
- സ്പൈസസ് ബോർഡിന്റെ അംഗീകൃത ലേലത്തിലൂടെയുള്ള ഏലം വിൽപ്പനക്ക് നികുതി 2 ശതമാനമായി കുറവു ചെയ്തു.
- വാട്ടർ ബഡ്ഡുകളുടെ നികുതി 5 ശതമാനമായി കുറവു ചെയ്തു.
- തീരമൈത്രീ യൂണിറ്റുകൾ നിർമ്മിച്ച് അവരുടെ ബ്രാന്റു പേരിൽ വിൽക്കുന്ന ഉല്പന്നങ്ങളെ വില്പന പോയിന്റിൽ നികുതി വിമുക്തമാക്കി.
- ഐസിന്റെ നികുതി 5 ൽ നിന്നും 1 ശതമാനമാക്കി.
- 500 രൂപ വരെ വിലയുള്ള പാദരക്ഷകളുടെ നികുതി 5 ശതമാനമായി കുറവ് ചെയ്തു.
- സൗരോർജ ഉപകരണങ്ങൾക്ക് 5 ൽ നിന്നും 1 ശതമാനമായി കുറച്ചു.

- വിളകൾ, ചെടികൾ എന്നിവയെ സംരക്ഷിക്കുന്നതിനുള്ള ഷെയിഡ്, ഹൗസ് എന്നിവ നിർമ്മിക്കുന്നതിനും അവയുടെ പാക്കിംഗിന് ഉപയോഗിക്കുന്ന വസ്തുകളുടെ നികുതി 5 ശതമാനമായി കുറവു ചെയ്തു.

- ക്ഷീര വിതരണ സഹകരണ സംഘങ്ങൾ നടത്തുന്ന കാന്റീനുകളിൽ വിൽക്കുന്ന ഭക്ഷണ പാനീയങ്ങളുടെ നികുതി ഒഴിവാക്കി.
- കമ്പനി ആക്ടിൻ കീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ള കമ്പനികൾ ഒഴികെ മറ്റുള്ളവരെ കാർഷികാദായ നികുതിയിൽ നിന്ന് ഒഴിവാക്കി..
- ഐക്യരാഷ്ട്ര സംഘടനയെയും മറ്റ് സമാന സംഘടനകളേയും ആഡംബര നികുതിയിൽ നിന്ന് ഒഴിവാക്കി.

## 2014-15 ബജറ്റിലെ ഇളവുകൾ

- കാർഷിദായ നികുതിയിൽ നിന്നും കർഷകരെ പൂർണമായി ഒഴിവാക്കി.

- പ്ലാന്റേഷൻ നികുതിക്ക് കർഷകർക്ക് ഇളവുകൾ നൽകി.

- സ്വർണാഭരണങ്ങൾക്ക് പുതിയ കോമ്പൗണ്ടിംഗ് നികുതി ഏർപ്പെടുത്തി.

- എൽ.പി.ജി സിലണ്ടറുകൾക്ക് സബ്സിഡി തുകയിലുള്ള നികുതി ഒഴിവാക്കി.

- ഇൻകം ടാക്സ് ആക്ട് പ്രകാരം ടാക്സ് ഇളവ് ലഭിക്കുന്ന ചാരിറ്റബിൾ ആശുപത്രികൾക്ക് അവർ രോഗിക്ക് നൽകുന്ന മരുന്നുകൾ കൺസ്യൂമബിൽ ഇവ നികുതി വിമുക്തമാക്കി.

- മറ്റ് ആശുപത്രികൾക്ക് മരുന്നുകളും കൺസ്യൂബുകളും എംആർപി വിലയിൽ വാങ്ങിയാൽ നികുതി ഒഴിവാക്കാൻ നിർദ്ദേശിച്ചു. ഡ്രഗ് ലൈസൻസിന്റെ അടിസ്ഥാനത്തിൽ 13.11.2009 മുതൽ 31.3.2012 വരെ വിറ്റഴിച്ച ആയുർവേദ ഉല്പന്നങ്ങൾക്ക് നികുതി നിരക്ക് 4 ശതമാനമായി കുറവ് ചെയ്തു.

- ബ്രാന്റ് അൺ ബ്രാന്റ് വ്യത്യാസമില്ലാതെ കേക്ക്, ഹൽവ, മിക്ച്ചർ, ലഡു, ജിലേബി എന്നിവയുടെ നികുതി 5 ശതമാനമായി ഏകീകരിച്ചു.

- ടൂറിസം മേഖലയെ പ്രോത്സാഹിപ്പിക്കാൻ സീസണല്ലാത്ത ജൂൺ, ജൂലൈ, ആഗസ്റ്റ് മാസങ്ങളിൽ ഹോട്ടലുകളുടെ ലക്ഷ്വറി ടാക്സ് 5 ശതമാനമായി കുറവു ചെയ്തു.

- കെ.ജി.എസ്.ടി. കാർഷാദായ നികുതി ഇവയുടെ ആംനസ്റ്റി സ്കീമിന്റെ കാലവധി ദീർഘിപ്പിച്ചു.

- മൈദ, സൂചി, ഗോതമ്പ്, തവിട് എണ്ണ, ഗോതമ്പ്പൊടി ഇവയെ നികുതി വിമുക്തമാക്കി.
- എഫ്.സി.ഐ. അംഗീകൃത റേഷൻ മൊത്തകച്ചവട വ്യാപാരികൾക്ക് വിറ്റ അരിയെ 1-4-2005 മുതൽ നികുതി വിമുക്തമാക്കി.
- ഉഴുന്നുപൊടിയുടെ നികുതി 1 ശതമാനമായി കുറച്ചു.
- വെളിച്ചെണ്ണ കൊണ്ട് നിർമ്മിക്കുന്ന വാഷിംഗ് സോപ്പിന് നികുതി ഒരു ശതമാനമാക്കി.
- എൽ ഇ ഡി ഉപയോഗിക്കുന്ന എല്ലാത്തരം ലാമ്പുകകൾക്കും 5% നികുതി. ചുമത്തി.
- റബർ സ്പ്രേ ഓയിലിന്റെ നികുതി 5% ആയി കുറവു ചെയ്തു.
- ഓഫ് സീസണായ ജൂൺ, ജൂലായ് മാസങ്ങളിൽ ഹോട്ടലുകളുടെ ആഡംബര നികുതി 5 % ആയി കുറച്ചു.
- വി നോദസഞ്ചാര വകുപ്പ് അംഗീകരിക്കുന്ന ശില്പ ശാലകൾക്കും കൺവെൻഷനുകൾക്കും 20,000 രൂപയ്ക്കു മുകളിൽ വാടകയുള്ള ആഡിറ്റോറിയങ്ങളും കൺവെൻഷൻ സെന്ററുകളും ഉപയോഗിക്കുമ്പോൾ അവയുടെ ആഡംബര നികുതി 20 ശതമാനത്തിൽ നിന്ന് 10 ശതമാനമായി കുറവ് ചെയ്തു.
- സോയ ചങ്ങിസിന്റെ നികുതി 1-4-2005 മുതൽ 5 ശതമാനമായി കുറവ് ചെയ്തു.
- 

Section officer